(സി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിൽ സേവനമനുഷ്ടിക്കുന്നവർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികയിലേക്ക് പി.എസ്.സി. മുഖേനയല്ല, മറിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും പ്രൊമോഷൻ മുഖാന്തിരമാണ് നിയമനം നടത്തുന്നത്.

അമ്പലപ്പുഴയെ നഗരസഭയാക്കാൻ നടപടി

80 (2203) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴയെ നഗരസഭയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അമ്പലപ്പുഴ എം. എൽ. എ.-യുടെ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അമ്പലപ്പുഴ എം. എൽ. എ. യുടെ നിവേദനം അടിയന്തിര റിപ്പോർട്ടിനായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്കും അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇത് നയപരമായ തീരുമാനം ആവശ്യമുള്ള കാര്യമാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം നഗരസഭയുടെ പുതിയ പദ്ധതികൾ

81 (2204) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയുടെ ഈ വർഷത്തെ ബഡ്ജറ്റിൽ കൂടി എന്തെല്ലാം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചു ;

(ബി) ഓരോ പദ്ധതിയുടേയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ പദ്ധതികൾ എത്ര കാലത്തിനുള്ളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly